പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – റ്റി. **7390** **17.07.2012-** ൽ മറുപടിക്ക്

## പ്രവാസി ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജു | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസി ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) പ്രവാസി ക്ഷേമനിധിയിൽ അംഗത്വത്തിനായുള്ള നടപടികൾ വളരെ ലളിതമാണ്. രേഖകൾ പരിശോധിക്കുന്നതിനുള്ള കാലതാമസം ഒഴികെ പ്രവാസികൾക്ക് അംഗത്വം എടുക്കുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉള്ളതായി പരാതി ലഭിച്ചിട്ടില്ല. |
| (ബി)ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി നിർണ്ണയിച്ചതിൽ അപാകത ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രായപരിധി 65 വയസ്സാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) പരമാവധി പ്രവാസികൾക്ക് പ്രയോജനം ലഭിക്കണം എന്നുള്ള അർത്ഥത്തിലാണ് ക്ഷേമനിധിയിൽ ചേരുവാനുള്ള പ്രായപരിധി 55 വയസ്സായി നിജപ്പെടുത്തി നിയമം പുറപ്പെടുവിച്ചത്. കൂടാതെ സാധ്യമായ കുറച്ചുകാലത്തേയ്ക്ക് എങ്കിലും ക്ഷേമനിധിയിലേക്ക് അംശാദായം അടയ്ക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. അത്തരക്കാർക്കു വേണ്ടിയാണ് പെൻഷൻ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ ഉയർന്ന പ്രായപരിധി ശരാശരി 55 - ന് താഴെയാണ്. ഇതിനൊക്കെ പുറമേ ഇപ്രകാരം പ്രായപരിധി ഉയർത്തുന്നത് ബോർഡിന്റെ സാമ്പത്തിക നിലയെ ഗുരുതരമായി ബാധിക്കും. ഇക്കാര്യങ്ങൾ എല്ലാം കണക്കിലെടുത്താൽ പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 55 – ൽ നിന്നും 60 ആക്കുന്നത് കൂടുതൽ പരിശോധിക്കേണ്ടതുണ്ട്. വിദേശത്ത് ജോലി ചെയ്യുന്ന കാലയളവിൽ കൂടുതലും തിരികെവന്ന ശേഷം വരുമാനം നഷ്ടപ്പെട്ടതുമൂലം കുറവ് അംശാദായവും മേൽസാഹചര്യം മുന്നിൽ കണ്ടുകൊണ്ടാണ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. എന്നിരുന്നാലും വിവിധകോണുകളിൽ നിന്നുള്ള നിരന്തര അഭ്യർത്ഥനയെ മാനിച്ച് പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനുള്ള പ്രായപരിധി അറുപതായി ഉയർത്തുന്നത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ